പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 3134

13-03-2017 ൽ മറുപടിക്ക്

**കേരഫെഡിന്റെ ബാദ്ധ്യതകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഇ.കെ. വിജയൻ | | ശ്രീ.വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) കേരഫെഡിന്റെ ബാദ്ധ്യത എത്ര കോടിയാണെന്ന് വിശദമാക്കാമോ; | എ) | പച്ചതേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് നൽകുവാൻ ഉണ്ടായിരുന്ന കുടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർത്തിട്ടുണ്ട്. മാർക്കറ്റ് വിലയേക്കാൾ ഉയർന്ന നിരക്കിൽ പച്ചതേങ്ങ സംഭരിച്ചതിനാൽ അധികമായി കർഷകർക്ക് നല്കിയ തുകയും മറ്റ് അനുബന്ധ ചെലവുകളും അടക്കം സർക്കാരിൽ നിന്നും കേരഫെഡിന് 115.7175 കോടി രൂപ ലഭിക്കുവാനുണ്ടായിരുന്നു. ഇതിൽ നിന്നും രണ്ട് ഗഡുക്കളായി 50 കോടി രൂപ സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇനി 65.7175 കോടി രൂപ കൂടി സർക്കാരിൽ നിന്നും ലഭിക്കാനുണ്ട്. |
| ബി)കേരഫെഡിനെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി ഉണ്ടോ;<br><br>സി) ആയതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | ബി) യും സി) യും | ഉണ്ട്. കേരഫെഡ് ഉല്പാദിപ്പിക്കുന്ന കേര ബ്രാൻഡ് വെളിച്ചെണ്ണ, കേര കോക്കനട്ട് മിൽക്ക് പൗഡർ, കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേരജം കേശാമൃത് ഹെയർ ഓയിൽ എന്നിവ സംസ്ഥാനത്തിനകത്തും പുറത്തും വിദേശത്തും നിലവിൽ വിറ്റുവരുന്നുണ്ട്. ഉല്പന്ന വൈവിദ്ധ്യവൽകരണത്തിലൂടെ പുതിയ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുവാനും, മാർക്കറ്റിംഗ് മേഖല ശക്തിപ്പെടുത്തിയും കേരഫെഡിന്റെ വരുമാനം വർദ്ധിപ്പിച്ച് നാളികേര കർഷകർക്ക് കൂടുതൽ സഹായകരമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു. |

S. [signature]

സെക്ഷൻ ഓഫീസർ